LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ടൂറിസ്റ്റ് വില്ലേജുകൾ

*10 [190] ശ്രീ. കെ. മോഹൻകുമാർ:
" കെ. സി. ജോസഫ്:
" കെ. സി. വേണുഗോപാൽ:
" വി. ഡി. സതീശൻ:
" അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ടൂറിസ്റ്റ് വില്ലേജുകളുണ്ട്;

(ബി) ഈ ടൂറിസ്റ്റ് വില്ലേജുകൾ സന്ദർശിക്കുന്നതിന് എവിടെയെല്ലാം ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) പ്രസ്തുത ഫീസ് നിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫീസ് ഏർപ്പെടുത്തിയ ശേഷം ഈ വില്ലേജുകളിൽ സന്ദർശകരുടെ എണ്ണം വർദ്ധിക്കുകയാണോ കുറയുകയാണോ എന്ന് അറിയിക്കാമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്ത് നിലവിൽ ഒരു ടൂറിസ്റ്റ് വില്ലേജാണുള്ളത്. തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്.

(ബി) വേളി ടൂറിസ്റ്റ് വില്ലേജിൽ നിലവിൽ സന്ദർശകരിൽ നിന്ന് ഫീസ് ഈടാക്കുന്നില്ല. എന്നാൽ സന്ദർശകരിൽ നിന്ന് ഫീസ് ഈടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) 14 വയസ്സിനുമേൽ പ്രായമുള്ള സന്ദർശകരിൽ നിന്ന് 5 രൂപാ വീതം വാങ്ങുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

*11 [191] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ പ്രത്യേക ഏജൻസിയെ ചുമതല പ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ഡി) പദ്ധതിയുടെ പ്രയോജനം പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അതിന്റെ നേട്ടം ഇനിയും ലഭിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തൽ' ഇതിനായി 2003-04 വർഷം കേന്ദ്ര സർക്കാർ പ്രത്യേക കേന്ദ്ര സഹായ മായി 5 കോടി രൂപ അനുവദിച്ചു. 2004-05 വർഷം ഈ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം അനുബന്ധം II-ൽ കൊടുക്കുന്നു.†

(സി) ഈ പദ്ധതിയുടെ ഏകോപന നോഡൽ ഏജൻസിയായ 'കിർത്താഡ്സ്' വഴിയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയുടെ പ്രയോജനം എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ലഭിക്കണം എന്ന ഉദ്ദേശത്തോടെയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

മുല്ലപ്പെരിയാർ ഡാമിൽനിന്ന് ജലം അനധികൃതമായി കടത്തുന്നതിനെതിരെ നടപടി

*12 [192] ശ്രീ. പി. സി. ജോർജ്:
„ രാജു എബ്രഹാം:
„ കെ. കെ. ജയചന്ദ്രൻ:
„ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽനിന്ന് ജലം കടത്താൻ തമിഴ്നാട് നടത്തി കൊണ്ടിരിക്കുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി ഏതെല്ലാം രീതിയിലാണ് തമിഴ്നാട് വെള്ളം ചോർത്തി ക്കൊണ്ടിരിക്കുന്നതെന്ന് അറിയാമോ;

(സി) ഇക്കാര്യം മനസ്സിലാക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജലം അനധികൃതമായി കടത്തുന്നതിനെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 1886-ലെ മുല്ലപ്പെരിയാർ പാട്ടക്കരാർ പ്രകാരം അവകാശപ്പെട്ട ജലം മാത്രമാണ് തമിഴ്നാട് കൊണ്ടുപോകുന്നത്. പ്രസ്തുത കരാർ പ്രകാരം നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽ നിന്നും 155 അടി പൊക്കം വരെ കോണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട ഡാം സ്ഥിതിചെയ്യുന്ന പ്രദേശത്തെയ്ക്കോ, അതിലൂടെയോ, അതിൽ നിന്നോ ഒഴുകുന്ന വെള്ളം മുഴുവൻ തമിഴ്നാടിന് അവകാശപ്പെട്ടതാണ്. അണക്കെട്ടിൽനിന്നും ശേഖരിക്കുന്ന മുഴുവൻ ജലവും തമിഴ്നാടിന് കൊണ്ടുപോകാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (181) കാണുക]

കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയുടെ കീഴിൽ വക്കം-അഞ്ചുതെങ്ങ് ശുദ്ധജലവിതരണ പദ്ധതി, ആറ്റിങ്ങൽ ശുദ്ധജല വിതരണ പദ്ധതി, തൃക്കണ്ണാപുരം-മുടവൻമുഗൾ ശുദ്ധജലവിതരണ പദ്ധതി, ആര്യനാട്-ഉഴമലക്കൽ, കുമ്മി, വെള്ളനാട്, പത്തനംതിട്ട, പന്തളം, ചെന്നീർക്കര-മെഴുവേലി, തോട്ടമൺ, റാന്നി-അങ്ങാടി, വടശ്ശേരിക്കര, അടിച്ചിപ്പുഴ, തെക്കേക്കര, പ്രമാടം, കോന്നി, അട്ടച്ചക്കൽ, മലപ്പാറ എന്നീ ശുദ്ധജലവിതരണ പദ്ധതികളും മദ്ധ്യമേഖലയിൽ പുത്തൻകുരിശിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെയും കുത്താമ്പുള്ളി, വീട്ടിക്കുന്ന്, വടക്കാഞ്ചേരി, ദേശമംഗലം, കുന്നംകുളം-ഗുരുവായൂർ, ചെറുതുരുത്തി, കാവനാട് എന്നീ ശുദ്ധജലവിതരണ പദ്ധതികളും ഉത്തരമേഖലയിൽ മുതുതല, ഓങ്ങല്ലൂർ-വല്ലപ്പുഴ, വിളയൂർ എന്നീ ശുദ്ധജലവിതരണ പദ്ധതികളും മണൽ വാരൽ മൂലം തടസ്സപ്പെട്ടിട്ടുണ്ട്.

ഭാരതപ്പുഴയിലെ എല്ലാ സ്കീമുകളുടെയും ജലസ്രോതസ്സിനെ മണൽ വാരൽ സാരമായി ബാധിച്ചിട്ടുണ്ട്. അതുപോലെ പമ്പാ നദിയിലും പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്.

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *11 (191) കാണുക]

1. ഔപചാരികമായ വിദ്യാഭ്യാസത്തിന് ഇതേവരെ എത്തിയിട്ടില്ലാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ രക്ഷകർത്താക്കളെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ച് പ്രമോട്ടർമാർ, സന്നദ്ധസേവന രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, സാമൂഹ്യ പ്രവർത്തകർ, അധ്യാപകർ തുടങ്ങിയവരുടെ സഹായത്താൽ 100 ശതമാനം വിദ്യാർത്ഥികളെയും സ്ക്കൂളിൽ എത്തിക്കുക. ഇതിനുവേണ്ടി പ്രവൃത്തി എടുക്കുന്നവർക്കും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും പ്രത്യേക സാമ്പത്തിക സഹായങ്ങൾ നൽകുന്നതാണ്.

2. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം തെരഞ്ഞെടുക്കപ്പെട്ട അർപ്പണബോധമുള്ള അധ്യാപകർ മുഖാന്തിരം നല്കുന്നതാണ്.

3. ഉൾവനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഔപചാരികമായ പ്രാഥമിക വിദ്യാഭ്യാസത്തിന് ഏകാധ്യാപക വിദ്യാലയ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിലവിലുള്ള കേന്ദ്രങ്ങളിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

4. ഇതേവരെ ആദിവാസി മേഖലയിൽ പ്രവർത്തിച്ചുവരുന്ന അധ്യാപകർക്ക് ആദിവാസികളെപ്പറ്റിയും അവരുടെ ഭാഷാ-സാംസ്ക്കാരിക സവിശേഷതകളെക്കുറിച്ചും ഒരു പരിശീലനവും നല്കിയിട്ടില്ല. ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന 1500-റോളം അധ്യാപകർക്ക് ഒരു പഞ്ചദിന പരിശീലന പരിപാടി ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിലിന്റെ (എൻ. സി. ആർ. റ്റി.) സഹായത്താലും അവർ ഉണ്ടാക്കിയിട്ടുള്ള ട്രെയിനിംഗ് മോഡ്യൂളിന്റെ അടിസ്ഥാനത്തിലുമാണ് പരിശീലനം നല്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

5. പ്രാഥമിക വിദ്യാഭ്യാസം രസകരമാകണമെങ്കിൽ ആദിവാസികൾ ഉപയോഗിക്കുന്ന ലിപി ഇല്ലാത്ത ഭാഷയും പഠിപ്പിക്കുന്ന അധ്യാപകർ അറിഞ്ഞിരിക്കേണ്ടതാണ്. ഇതിലേക്കുവേണ്ടി പതിമൂന്ന് സമുദായങ്ങളുടെ ഭാഷാ പഠനവും നിഘണ്ടുവും തയ്യാറാക്കിയിട്ടുണ്ട്. ഇവ അച്ചടിച്ചു ബന്ധപ്പെട്ടവർക്ക് നല്കുന്നതാണ്.

6. പത്താം ക്ലാസിൽ തോൽക്കുന്നവരും അതിനിടെ കൊഴിഞ്ഞുപോയവർക്കും വേണ്ടി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ തുറക്കുന്നതാണ്.

7. ഉന്നത നിലവാരം പുലർത്തുന്ന സ്കൂളുകളിൽ മുഴുവൻ സർക്കാർ ധനസഹായത്തോടെ നൂറ് വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

8. പ്ലസ് ടു-വിനോടനുബന്ധിച്ച് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പരിശീലനം വിദഗ്ദ്ധരായ അധ്യാപകരെകൊണ്ട് നല്കുന്നതാണ്. 250 വിദ്യാർത്ഥികൾക്കും ഇത്തരത്തിൽ പരിശീലനം നല്കുന്നതാണ്. കൂടാതെ 2004-ലെ പ്രവേശന പരീക്ഷയിൽ 231 പട്ടികവർഗ്ഗക്കാർ മാത്രമേ അപേക്ഷ സമർപ്പിച്ചിട്ടുള്ളൂ. അനുവദിക്കപ്പെട്ട എഞ്ചിനീയറിംഗ് സീറ്റുകളിലേയ്ക്ക് അപേക്ഷകർ ഇല്ലാത്ത അവസ്ഥയാണുള്ളത്. ഇതിന് പരിഹാരമായി 11, 12 തരത്തിൽ പഠിക്കുന്ന സമയത്തുതന്നെ ഭാഗികമായി പരിശീലനം നല്കുന്നതാണ്. ഇപ്രാവശ്യത്തെ പ്രവേശന പരീക്ഷയിൽ പതിനാലു സമുദായങ്ങൾ മാത്രമേ അപേക്ഷകരായി വന്നിട്ടുള്ളൂ. അതിൽതന്നെ ഭൂരിപക്ഷവും ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരുമാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെയും മറ്റ് പൊതു സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളേയും പ്രവേശന പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരിച്ച് പ്രാതിനിധ്യമില്ലാത്ത പട്ടികവർഗ്ഗക്കാരെക്കൂടി സജ്ജരാക്കുന്നതാണ്.

പ്രൊഫഷണൽ കോളേജുകളിലേക്ക് പ്രവേശനം ലഭിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് കളമശ്ശേരി രാജഗിരി കോളേജിൽ വച്ച് ഒരു മാസത്തെ കൗൺസിലിംഗ് തുടങ്ങി കഴിഞ്ഞു.

9. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് അനുയോജ്യരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ വേണ്ട സഹായങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

10. വിദ്യാഭ്യാസ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് 10-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 5-ാം ക്ലാസിന്റെയോ 6-ാം ക്ലാസിന്റെയോ നിലവാരം മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും അതുകൊണ്ടാണ് 10-ാം ക്ലാസിൽ കൂടുതൽ പേർ പരാജയപ്പെടുന്നത്. ഇതിന് പരിഹാരമായി 6 മാസത്തിൽ ഒരിക്കൽ 1 മുതൽ 10 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മിനിമം ലെവൽ ഓഫ് ലേർണിങ്ങ് (എം.എൽ.എൽ.) പരീക്ഷ നടത്തുന്നതാണ്. ഇതിലേയ്ക്ക് അധ്യാപകർക്ക് പ്രത്യേക പരിതോഷികം നല്കുന്നതാണ്.

11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യ കൂടുതൽ സ്വായത്തമാക്കുന്നതിന് വേണ്ട പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതാണ്.

12. പലപ്പോഴും തൊഴിലിന് വേണ്ടിയിട്ടുള്ള പരസ്യങ്ങൾ പട്ടികവർഗ്ഗക്കാർ അറിയാതെ പോവുകയും അതേക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തവരും ഉണ്ട്. ഇവർക്ക് തൊഴിൽ സാധ്യതകളെക്കുറിച്ചും തൊഴിൽ നേടുന്നതിനു വേണ്ടിയുള്ള അറിവും പകരുന്നതിനുവേണ്ടി സർക്കാർ സ്ഥാപനങ്ങൾ മുഖാന്തിരം പ്രത്യേക പരിശീലനം നല്കുന്നതാണ്.

13. ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പട്ടികവർഗ്ഗക്കാർ ബഹുഭൂരിപക്ഷം പേരും എത്തിപ്പെടുന്നില്ല. അവർക്കാവശ്യമായ പുസ്തകം ട്യൂഷൻ ഫീസ്, മറ്റ് സഹായങ്ങൾ എന്നിവ നല്കി കോഴ്സ് പൂർത്തിയാക്കുന്നതിനും ഉന്നത നിലവാരത്തിൽ വിജയിക്കുന്നതിനും വേണ്ടിയുള്ള ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതാണ്.

14. തൊഴിൽ വൈദഗ്ധ്യം നേടുന്നതിനുവേണ്ടി പോളിടെക്നിക്കുകളിൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിനും 200 പേർക്ക് സാമ്പത്തിക സഹായം നല്കുന്നതിനും ലക്ഷ്യം ഇട്ടിട്ടുണ്ട്.

15. ടി.ടി.സി., ബി.എഡ്., കോഴ്സുകളിലേക്ക് യഥാസമയം അപേക്ഷ നല്കുന്നതിനും കോഴ്സ് പൂർത്തീകരിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം നല്കുന്നതാണ്.

16. പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ വാങ്ങുന്നതിനും, വിലപിടിപ്പുള്ള പുസ്തകങ്ങളും ലാബോറട്ടറി ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

17. കലാ-കായിക മേഖലകളിൽ പങ്കെടുക്കുവാൻ സാമ്പത്തികമായി കഴിവില്ലാത്ത വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുവാൻ 7 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്. മികവുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകം സ്റ്റൈപ്പന്റും നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

18. സാക്ഷരത നേടാത്ത പട്ടികവർഗ്ഗക്കാർക്കും സാക്ഷരത നേടിയിട്ട് തുടർ വിദ്യാഭ്യാസം നേടാത്തവർക്കുംവേണ്ടി പിന്നോക്ക പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന 50 കേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം നല്കുന്നതാണ്. ഇപ്പോൾ സാക്ഷരത-തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കാത്ത ഏറ്റവും പിന്നോക്ക മേഖലകളിൽ പുതിയ 50 കേന്ദ്രങ്ങൾകൂടി തുറക്കുന്നതാണ്. തുടർ വിദ്യാഭ്യാസത്തിന്റെ നിലനില്പിന് വേണ്ടി നവസാക്ഷരതർക്ക് ഒരു ചെറിയ ലൈബ്രറിയും തുടങ്ങുന്നതാണ്.

19. ആദിവാസികൾക്ക് വയനാട്, തൃശ്ശൂർ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ബന്ധപ്പെട്ട സർവ്വകലാശാല വഴിയോ, അംഗീകൃത സന്നദ്ധ സംഘടനകൾ വഴിയോ മൂന്ന് റീ മെഡിറ്റേഷൻ കേന്ദ്രങ്ങൾ നൽകുന്നതാണ്.

20. നിലവിലുള്ള അംഗൻവാടികളിൽ അനുയോജ്യമായവ തിരഞ്ഞെടുത്ത് ചെറു വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറ്റുവാനും ഗ്രന്ഥശാല തുറക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

അനുബന്ധം III

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20 (200) കാണുക]

ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതി

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് തൊഴിലാളി ഒന്നിന് 40,000 രൂപ വരെ ഗ്രാൻഡ് അനുവദിക്കുന്നു. ഇത് ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി യാണ്. നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ ഈയിനത്തിൽ വിനിയോഗി ക്കുന്നതാണ്.

2. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസത്തിൽ ഒരു സാമ്പത്തികാശ്വാസം എന്ന നിലയിൽ നടപ്പിലാക്കി വരുന്ന ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

3. അടിസ്ഥാന വികസന സൗകര്യങ്ങളായ ഫിഷ്ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, റോഡുകൾ എന്നിവയുടെ നടത്തിപ്പിനായി 1225 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു.

4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 250 ലക്ഷം രൂപ ലംപ്-സം-ഗ്രാന്റ് നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ടായിരുന്നു.

5. ആശുപത്രി, ഗൈഡ്ലൈറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം എന്നീ തീരദേശ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം.

6. ചെറുകിട സംരംഭങ്ങൾ

സ്വയംസഹായ സംഘങ്ങൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly